
## കത്തുകൾ




# കലയിലും സാഹിത്യത്തിലും ഫാഷിസം കടന്നുവരുമ്പോൾ

**എസ്.** മഹാദേവൻ തമ്പിയുടെ കഥകളിലെ ദുഷ്ടകഥാപാത്രങ്ങൾ മുസ്‌ലിം നാമധാരികളാകുന്നതിനെ സൂചിപ്പിച്ച നുഹാ ബിൻതിന്റെ എഴുത്തിൽ പ്രതികരിച്ച് അശ്‌റഫ് ബശീർ എഴുതിയ കുറിപ്പ് കണ്ടു(ലക്കം 44). തീർച്ചയായും എഴുത്തുകാരന്റെ വിവേചനാധികാരം സ്വതന്ത്രമാകണം. എന്നാൽ വിവേചനാധികാരത്തിന്റെ ഉപരിപ്ലവതയിൽ അഭിരമിക്കാതെ സാംസ്‌കാരികമണ്ഡലം സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയാൽ പല പൊരുത്തക്കേടുകളും തെളിഞ്ഞുകാണാം. നുഹാ ബിൻതിന്റെ കത്ത് 'മതശാഠ്യങ്ങൾക്കൊരു ദൃഷ്ടാന്തം' എന്ന തലക്കെട്ടിൽ *മലയാളം* വാരികയിൽ (ലക്കം 40) പുനഃപ്രസിദ്ധീകരിച്ചിരുന്നു. മതവും ഭീകരതയുമൊക്കെ പത്ര-വാരികകളിൽ വല്ലാതെ കോലം കെട്ടിയാടുന്ന വേളയിൽ ഇത്തരം ചില അന്വേഷണങ്ങൾക്ക് പ്രസക്തിയുണ്ട്. 'സാംസ്‌കാരിക ഫാഷിസം' എന്ന വിപത്തിനെക്കുറിച്ച് പല കോണിൽനിന്നും ഉയർന്നു കേൾക്കാറുണ്ടെങ്കിലും വേണ്ടത്ര ഗൗരവ ചർച്ചകൾ നടക്കാറില്ല. ജനകീയ കലയായ സിനിമയെ ഹൈജാക്ക് ചെയ്യുന്നതിൽ ഇത്തരം പ്രതിലോമ ശക്തികൾ ഏറക്കുറെ വിജയിച്ചിട്ടുണ്ട്. ലെനിൻ രാജേന്ദ്രന്റെ 'അന്യർ' എന്ന സിനിമയിൽ, സവർണ രൂപകങ്ങളെ ആദർശവൽക്കരിച്ച് പല നിഗൂഢ ആശയങ്ങളും ഒളിച്ചു കടത്തുന്നതിന് സിനിമയെ ഉപയോഗിക്കുന്നതിനെതിരെ തുറന്നടിക്കുന്നുണ്ട്.

തൊണ്ണൂറുകളിൽ ഇറങ്ങിയ പല മലയാള സിനിമകളും പലതലത്തിലും ഇസ്‌ലാമികാശയങ്ങളെ വക്രീകരിക്കുന്നതായും അവമതിക്കുന്നതായും കാണാം. ധ്രുവം, വിയറ്റ്നാംകോളനി, കിളിച്ചുണ്ടൻ മാമ്പഴം എന്നിവ ഉദാഹരണങ്ങൾ. കുറച്ചു മാസം മുമ്പ് റിലീസായ 'ബാബകല്യാണി' എന്ന ചിത്രത്തിൽ ഒരു സവർണ തറവാട്ടിൽ കേസന്വേഷണത്തിന് ചെല്ലുന്ന പോലീസ് സംഘത്തിലെ ഒരാൾ ഷൂ അഴിക്കാതെ കയറിയപ്പോൾ മേധാവിയായ നായകൻ ശാസിക്കുന്നു. വീട്ടുകാരെ ബഹുമാനിക്കാൻ ഉപദേശിക്കുന്നുമുണ്ട്. അതേസംഘം ഒരു മുസ്‌ലിം വീട്ടിലെ ഗേറ്റ് തുറന്ന് കോമ്പൗണ്ടിൽ വലതുകാൽ വെച്ച് കയറുമ്പോൾ അൽപം ആലോചിച്ച് ആ കാൽ പിൻവലിച്ച് ഇടതുകാൽവെച്ച് കയറുന്നു. ആ രംഗം സ്ലോ മോഷനിൽ 40 സെക്കന്റോളമെടുത്താണ് കാണിക്കുന്നത്.

ഇതിനെക്കുറിച്ചൊക്കെയാണ് എം.എൻ വിജയൻ ഇങ്ങനെ എഴുതിയത്: '..... 1980 മുതൽക്കേ പാഠ്യപുസ്തകങ്ങളിൽ കാവിവൽക്കരണം തുടങ്ങിയിരിക്കുന്നു എന്ന് മനസ്സിലാക്കുമ്പോഴാണ് കലാപത്തിന്റെ ചാലകശക്തികളിൽ ഒന്ന് ഇതായിരുന്നുവെന്ന് മനസ്സിലാവുക. ഇതേകാലത്ത് ചലച്ചിത്ര മേഖലയിലും അവർ war front തുറന്നിരുന്നു. സിനിമ ജനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും Imageകൾ മനുഷ്യമനസ്സിനെ എങ്ങനെ കീഴടക്കുന്നുവെന്നും മറ്റു രാഷ്ട്രീയ പാർട്ടികൾ തിരിച്ചറിയാതിരിക്കുകയും സംഘ്പരിവാർ തിരിച്ചറിയുകയും ചെയ്തു. നാം നിരന്തരം കാണുന്ന കഥാപാത്രം വട്ടത്താടിയും തലയിൽ തൊപ്പിയുമുള്ളവനാണെന്ന് കരുതുക. ഇത്തരം കഥാപാത്രങ്ങളെ നിരന്തരം കാണുമ്പോൾ റിയൽ ലൈഫിൽ ഇത്തരമൊരു രൂപമുള്ള ഒരു പാവം മനുഷ്യനെ വില്ലനായി തെറ്റിദ്ധരിക്കും എന്നത് മനഃശാസ്ത്രപരമായ കാര്യമാണ്. സിനിമയെ ഫാഷിസ്റ്റുകൾ ഉപയോഗിക്കുകയും തങ്ങളുടെ കാപട്യത്തെ തുറന്നുകാട്ടുന്ന സിനിമകളെ ഭയക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് 'ഗ്രേറ്റ് ഡിക്റ്റേറ്റർ' അഭിനയിച്ച ചാർലി ചാപ്ലിൻ ഹിറ്റ്‌ലറുടെ ഹിറ്റ്‌ലിസ്റ്റിൽ ഒന്നാം സ്ഥാനക്കാരനായത്. ഇപ്പോൾ ഇവർക്ക് കടന്നുവരാൻ ഏറെ തടസ്സമുണ്ടായിരുന്ന സാംസ്‌കാരിക-സാഹിത്യ മേഖലകളിലേക്ക് തങ്ങളുടെ war front open ചെയ്തുകൊണ്ടിരിക്കുകയാണ്' (*സാംസ്‌കാരിക ഫാഷിസം ഒരു പ്രതിരോധം*, പേജ് 18).

ശുദ്ധപൈതൃകത്തിന്റെയും

## വസ്തുനിഷ്ഠമായ വിശകലനം

**ഒ. അബ്ദുർറഹ്‌മാനുമായുള്ള** അഭിമുഖം (ലക്കം 45) ശ്രദ്ധേയമായി. സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥക്കുള്ള കാരണങ്ങൾ വസ്തുനിഷ്ഠമായി അദ്ദേഹം പരിശോധിക്കുന്നു. മുസ്‌ലിം പിന്നാക്കാവസ്ഥയുടെ ഒന്നാമത്തെ കാരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യാ വിഭജനമാണ്. ഇന്ത്യാ വിഭജനത്തിലൂടെ ഒരർഥത്തിൽ സ്വന്തം നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കുകയാണ് ഇന്ത്യൻ നാഷനൽ കോൺഗ്രസ് ചെയ്തത്. ഒരു സമ്മർദ തന്ത്രമായി മാത്രമായിരുന്നു വിഭജനാവശ്യം മുസ്‌ലിംലീഗ് ഉയർത്തിയത്. ഇന്ത്യാ വിഭജനത്തിന് ഇന്ത്യൻ നാഷനൽ കോൺഗ്രസ് പച്ചക്കൊടി കാണിച്ചപ്പോൾ ജിന്ന പോലും ഞെട്ടിയെന്നാണ് ചരിത്രം. എട്ട് നൂറ്റാണ്ടുകളോളം ഇന്ത്യാ മഹാരാജ്യം അടക്കിഭരിച്ചത് മുസ്‌ലിം രാജാക്കന്മാരായിരുന്നു. വിഭജനം മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഒരു നഷ്ടക്കച്ചവടമായിരുന്നു എന്നതാണ് വസ്തുത.

സർദാർ വല്ലഭായ് പട്ടേൽ, ബാലഗംഗാധര തിലകൻ, ഗോപാലകൃഷ്ണ ഗോഖലെ തുടങ്ങിയ കോൺഗ്രസ് നേതാക്കൾ ഹൈന്ദവ ദേശീയതയുടെ വക്താക്കളെപ്പോലെയാണ് സംസാരിച്ചിരുന്നത്. മതേതര വീക്ഷണം ഉയർത്തിപ്പിടിക്കാൻ നെഹ്‌റുവിനെപ്പോലുള്ള ചുരുക്കം നേതാക്കളേ ഉണ്ടായിരുന്നുള്ളൂ. ഇത് ചില മുസ്‌ലിം ലീഗ് നേതാക്കളിൽ സൃഷ്ടിച്ച ആശങ്ക ബ്രിട്ടീഷുകാർ സമർഥമായി ചൂഷണം ചെയ്യുകയായിരുന്നു.

**വിനോദ് കുമാർ എടച്ചേരി**

സാംസ്കാരിക മേൽക്കോയ്മയുടെയും പൊയ്ക്കാലുകളിൽ കയറിനിന്നാണ് ചരിത്രത്തിലെങ്ങും ഫാഷിസം രംഗപ്രവേശനം ചെയ്തിട്ടുള്ളത്. അജ്ഞതയുടെയും ദാരിദ്ര്യത്തിന്റെയും വിളനിലങ്ങളിൽ അർധ സത്യങ്ങളും അസത്യങ്ങളും പ്രകോപനപരമായി കൃഷി ചെയ്യുകയും സമഗ്രാധിപത്യം സ്ഥാപിച്ചെടുക്കാൻ യത്നിക്കുകയുമാണ് സംഘ്പരിവാർ. എതിർ ശബ്ദങ്ങളെ മാത്രമല്ല എല്ലാ ഇതര ശബ്ദങ്ങളെയും മത, വംശ, ഭാഷ, സാംസ്കാരിക ഭേദമന്യേ ഞെരിച്ചമർത്തി നിശ്ശബ്ദമാക്കുക എന്നതാണ് ഫാഷിസത്തിന്റെ രീതി. ഈ ബലതന്ത്രത്തിന്റെ സാഹിതീയ രംഗപ്രവേശനത്തിനാണ് സംഘ്പരിവാർ ശ്രമിക്കുന്നത് എന്നറിയാൻ സാംസ്കാരിക പരിസരങ്ങളിൽ ഒരു ഓട്ടപ്രദക്ഷിണം നടത്തിയാൽ മതി.

**പി.എം അബ്ദുല്ല മാടായി**
**സർ സയ്യിദ് കോളേജ്**

## 'ഇസ്‌ലാംഭീകരതയുടെ വിഭ്രാമകചിന്തകൾ'

**ഇത്ര** ആകർഷകവും നർമ മധുരവുമായ ഒരു ലേഖനം (ലക്കം 43) അടുത്തൊന്നും *പ്രബോധന*ത്തിൽ വായിച്ചിട്ടില്ല. പ്രതിരോധ വ്യഗ്രതയിൽ, രഘുവിനെപ്പോലെ തരംതാഴാതെ ഉയർന്നുനിൽക്കാൻ കഴിഞ്ഞതിൽ ലേഖകൻ പ്രത്യേകം പ്രശംസയർഹിക്കുന്നു. പക്ഷേ, ബശീർ ഒന്നു വിട്ടുപോയി. രഘുവിന് അകൈതവമായ നന്ദി പറയാൻ. രഘുവും വഫായും റുശ്ദിയും തസ്‌ലീമയും ഇർശാദ് മാഞ്ചിയും (കനഡ) അവരറിയാതെ ഇസ്‌ലാമിനും പ്രവാചകന്നും ചെയ്യുന്ന സേവനം ചില്ലറയല്ല. അവരിലൂടെ ഇസ്‌ലാമും പ്രവാചകനും ആയിരക്കണക്കായ ജിജ്ഞാസുക്കളുടെ ചിന്താപഥത്തിലേക്ക് കയറിവരുന്നു. പലരും ഇസ്‌ലാമിൽ ആകൃഷ്ടരാകുന്നു.

പണ്ട് പ്രവാചകനെ വെട്ടിവീഴ്ത്താൻ ഇറങ്ങിത്തിരിച്ച ഉമറിന്റെയും ഇന്ന് ദൈവത്തെ പുഛിച്ചുതള്ളിയ ജഫ്റി ലാംഗിന്റെയും അനുഭവം ആവർത്തിക്കപ്പെട്ടുകൂടായ്കയില്ല. സത്യത്തിന്റെ പ്രകാശം ഏത് കഠിനഹൃദയത്തിലും കടന്നുചെന്നേക്കാം.

**ടി.കെ ഇബ്റാഹീം ടൊറണ്ടോ**

# അർഥമറിയാതെയുള്ള ഖുർആൻ പാരായണം

**ഓരോ** മുസ്‌ലിമും ഖുർആൻ അർഥം പഠിക്കൽ നിർബന്ധമാണെന്നും അർഥമറിയാതെ അത് പാരായണം ചെയ്യൽ സമയം പാഴാക്കലാണെന്നും *മുജീബ്* (ലക്കം 44) വാദിക്കുന്നു. അതിനുള്ള തെളിവ് ഖുർആനിലെ 54:17 സൂക്തവും. നൂറ്റാണ്ടുകളായി പല പണ്ഡിതവര്യന്മാരും ഖുർആനിക സന്ദേശം ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും അല്ലാഞ്ഞാലുള്ള ഭവിഷ്യത്തും സംബന്ധിച്ച് മുസ്‌ലിംസമൂഹത്തെ ഉപദേശിച്ചും ഉദ്ബോധിപ്പിച്ചും വരുന്നുണ്ട്. എന്നാൽ സമൂഹത്തിലെ ഓരോ അംഗവും ഖുർആൻ ആദ്യന്തം അർഥം പഠിച്ചേ മതിയാവൂ, ഇല്ലെങ്കിൽ ഖുർആൻ പാരായണം നിഷ്ഫലമാണ്, അതിലും ഭേദം ഏതെങ്കിലും കഥാ പുസ്തകമോ നോവലോ പാട്ടോ ഒക്കെ വായിക്കുന്നതും പാടുന്നതുമാണ് എന്ന് അവരാരും പറഞ്ഞിട്ടില്ലെന്നു മാത്രമല്ല, ഏതെങ്കിലും വിധത്തിൽ ഖുർആനുമായി ബന്ധപ്പെടേണ്ടതിന്റെ, അർഥം അറിഞ്ഞില്ലെങ്കിലും അത് പാരായണം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് അവരൊക്കെയും ഉദ്ബോധിപ്പിച്ചു പോന്നിട്ടുള്ളത്. ഉടയതമ്പുരാൻ പോലും ഖുർആൻ ആദ്യന്തം അർഥം പഠിച്ചിരിക്കണമെന്ന് ഓരോ വ്യക്തിക്കും നിർബന്ധമാക്കിയിട്ടില്ല. കാരണം അത് പലർക്കും അസാധ്യമാണ്. അസാധ്യമായത് അല്ലാഹു ബാധ്യതപ്പെടുത്തുന്നില്ല താനും. ഖുർആൻ 2:286, 7:42 കാണുക.

നിഷേധികളുമായി സംവദിക്കവെ നിങ്ങളുടെ ഈ നിഷേധത്തിന് യാതൊരു ന്യായീകരണവുമില്ല, ചിന്തിക്കുകയും ഉൾക്കൊള്ളുകയും ചെയ്യാൻ പാകത്തിൽ സരളമായാണ് നാം ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്, ഖുർആന്റെ ആശയം ഗ്രഹിക്കാതെയുള്ള ഈ നിഷേധം ബുദ്ധിപൂർവമല്ല എന്ന അർഥത്തിൽ വന്ന സൂക്തങ്ങളെടുത്ത് ഓരോ മുസ്‌ലിമും ഖുർആൻ തീർത്തും അർഥം പഠിച്ചിരിക്കൽ നിർബന്ധമാണെന്നും അർഥമറിയാതെ ഖുർആൻ പാരായണം ചെയ്യുന്നത് നിഷ്ഫലമാണെന്നുമൊക്കെയുള്ള നിഗമനം അൽപം കടന്ന കൈയാണ്. അർഥമറിയാതെയുള്ള ഖുർആൻ പാരായണത്തെ മുട്ടത്തു വർക്കിയുടെ നോവൽ വായിക്കുന്നതിനോട് താരതമ്യം ചെയ്ത ഖത്വീബിന്റെ നടപടി അപലപനീയവുമാണ്. ഖത്വീബുമാർക്ക് വിചാരവും വിവേകവും ഉണ്ടാവണം. സാധാരണക്കാരന്റെ ഇസ്‌ലാമുമായും അല്ലാഹുവിന്റെ ഗ്രന്ഥവുമായുള്ള ഏതോ വിധത്തിലുള്ള ബന്ധം പോലും അറുത്തുമുറിച്ചെറിയാൻ പ്രേരിപ്പിക്കുംവിധമാവരുത് എഴുത്തും പ്രസംഗവും. ഖുർആൻ പഠിക്കേണ്ടതിന്റെ പ്രാധാന്യം പറയാൻ ഇത്തരം അതിരുകടന്നതും നിഷേധാത്മകവുമായ പ്രയോഗം വേണമെന്നില്ലല്ലോ. ഫാത്തിഹയുടെ അർഥം പോലുമറിയാത്ത സാധാരണക്കാർ ധാരാളമുണ്ട് കേരളത്തിലും ഇന്ത്യയിലും ലോകത്തിന്റെ പല ഭാഗത്തും. ഇക്കണക്കിന് ഈ പാവങ്ങൾ നമസ്കരിക്കേണ്ടതുണ്ടോ? അവരുടെ നമസ്കാരം കൊണ്ട് അവർക്ക് വല്ല ഫലവും ലഭിക്കുമോ?

ഇമാം മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസുണ്ട്. അത് ഇങ്ങനെയാണ്: അബൂഹുറയ്റ(റ)യിൽനിന്ന്. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: നിങ്ങളുടെ വീടുകൾ ശ്മശാന സമാനമാക്കരുത്. സൂറ അൽബഖറ പാരായണം ചെയ്യുന്ന വീട്ടിൽനിന്ന് ചെകുത്താൻ ഓടിയകലും." ഖുർആന്റെ അർഥമറിയാത്ത ഒരാൾ തന്റെ വീട്ടിൽ വെച്ച് ഈ സൂറ ഓതിയാൽ ഈ ഫലം ലഭിക്കുകയില്ലെന്നാണോ?

ഖുർആനുമായി വിശ്വാസി പുലർത്തുന്നതും പുലർത്തേണ്ടതുമായ വൈകാരികബന്ധമുണ്ട്. ആ ബന്ധം മനസ്സിൽ സൂക്ഷിക്കുന്ന ഏതൊരാളെ സംബന്ധിച്ചേടത്തോളവും അർഥം അറിയുന്നത് കൂടുതൽ ഫലപ്രദം തന്നെ. ഇല്ലെങ്കിൽ പോലും അയാൾ ഖുർആൻ പാരായണം ചെയ്യുമ്പോൾ തരളിതചിത്തനാവും. ഒരുതരം നിർവൃതി അയാളെ ആവരണം ചെയ്യും. അയാൾ ഒരുതരം അവാച്യാനുഭൂതി അനുഭവിക്കുന്നുമുണ്ടാവും.

അത്തരമൊരു വൈകാരിക ബന്ധമില്ലെങ്കിലോ, അത്തരക്കാർ ഖുർആനിന് നീണ്ട വാല്യങ്ങൾ തന്നെ വ്യാഖ്യാനമെഴുതിയാലും ഒരു പ്രയോജനവുമില്ല താനും.

അർഥമറിയാത്തവരെങ്കിലും ഖുർആൻ പാരായണ നേരത്ത് ഗദ്ഗദകണ്ഠരായിത്തീരുന്ന സാധാരണക്കാർ എത്രയോ പേരുണ്ട്. എല്ലാം പഠിച്ചറിഞ്ഞവരെങ്കിലും പാരായണ സമയത്തോ മറ്റു സമയങ്ങളിലോ പ്രത്യേകിച്ച് ഒരു പ്രതികരണവും അനുഭവപ്പെടാത്തവരുമുണ്ട് എമ്പാടും പേർ.

ഖുർആൻ പഠിക്കാൻ വേദികളുണ്ടാക്കണം, ആളുകളെ കാര്യമായിത്തന്നെ അതിനു വേണ്ടി പ്രേരിപ്പിക്കണം, അവർക്ക് പ്രചോദനം നൽകണം.

എല്ലാം വേണം. പക്ഷേ, അത് ആളുകളിൽ നിലനിൽക്കുന്ന നന്മയുടെ അംശം വളർത്തിയെടുക്കാനാകണം. ഉള്ളതും തല്ലിക്കെടുത്താനാവരുത് എഴുത്തും പറച്ചിലും.

**ഇ.എൻ ഇബ്റാഹീം**
**ചെറുവാടി**

## വേണ്ടത് സംയമനം

**'ജിഹാദ്** അൺലിമിറ്റഡ്' എന്ന ലേഖനം (ലക്കം: 45) പ്രസ്ഥാനത്തിനും അതിന്റെ മുഖപത്രത്തിനും ചേർന്നതായില്ല. എൻ.ഡി.എഫ് എന്ന സംഘടനക്കും അതിന്റെ പത്രത്തിനും ന്യൂനതകൾ തീർച്ചയായും ഉണ്ട്. ഗുണകാംക്ഷാപരമായി അതിനെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്നതല്ലേ ഉചിതം? അതല്ലേ നമ്മുടെ രീതി? വിമർശനങ്ങൾ സംയമനത്തോടെയല്ലേ നേരിടേണ്ടത്? 'മറുപടിക്കു കുറുവടി' എന്ന തത്ത്വം നമ്മളും സ്വീകരിക്കുമ്പോൾ ഇതര സംഘടനകളുമായി നമുക്കുള്ള വ്യതിരിക്തത ഇല്ലാതാവുകയല്ലേ? 'നന്മയിൽ സഹകരണം, തിന്മയിൽ നിസ്സഹകരണം' എന്ന തത്ത്വം കളഞ്ഞുകുളിക്കരുത്.

**മാലിക്ക് വീട്ടിക്കുന്ന്**
**കൈപ്പമംഗലം**

## ഖുർആൻ അർഥമറിയാതെ ഓതിയാലും പുണ്യമുണ്ട്

**ചോദ്യോത്തര** പംക്തിയിൽ വന്ന 'അർഥമറിയാത്ത ഖുർആൻ ഓത്ത്' എന്ന തലക്കെട്ടിലെ മറുപടി(ലക്കം: 44)യാണ് ഈ കുറിപ്പിന്നാധാരം.

ഖുർആൻ അർഥമറിയാതെ ഓതുന്നത് മുട്ടത്തുവർക്കിയുടെ നോവൽ വായിക്കുന്നതിന് തുല്യമാണെന്ന ഒരു ഖത്വീബിന്റെ പരാമർശം വളരെ മോശമായിപ്പോയി. ഇതിനെ വിമർശിക്കാതെ ഭാഗികമായി അംഗീകരിച്ചുകൊണ്ട് മറുപടി നൽകുകയാണ് മുജീബ് ചെയ്തത്.

ഖുർആൻ അല്ലാഹു ഇറക്കിയത് അർഥം മനസ്സിലാക്കി വായിക്കാനും ചിന്തിക്കാനും ജീവിതത്തിൽ പകർത്താനും തന്നെയാണ്. ഇതിൽ ആർക്കും സംശയമില്ല. സാധാരണക്കാരെ ഖുർആൻ അർഥം പഠിക്കുന്നതിന് പ്രേരിപ്പിക്കാനായി നാമിക്കാര്യം കൂടുതൽ പറഞ്ഞുകൊണ്ടിരിക്കുകയും വേണം. എന്നാൽ ഇത് മറ്റൊരു സത്യത്തെ നിഷേധിച്ചുകൊണ്ടാവരുത്.

വിശുദ്ധ ഖുർആൻ അർഥം മനസ്സിലാക്കാതെ പാരായണം ചെയ്താലും പ്രതിഫലം ലഭിക്കും എന്നുതന്നെയാണ് മുസ്‌ലിംലോകം വിശ്വസിച്ചുവരുന്നത്. കാരണം ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. മറ്റൊരു ഗ്രന്ഥത്തിനും ഈ പദവിയില്ല - ഹദീസ് ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠങ്ങളായ ബുഖാരീ-മുസ്‌ലിമിന് വരെ. നബി(സ) പറഞ്ഞു: 'അലിഫ്, ലാം, മീം ഒരു വചനമാണെന്ന് നിങ്ങൾ പറയരുത്. അലിഫ് ലാം മീം ഓരോ അക്ഷരത്തിനും പ്രത്യേകം പുണ്യമുണ്ട്' (ഹദീസ്). അർഥം മനസ്സിലാക്കി പാരായണം ചെയ്യുന്നത് മാത്രമാണ് പ്രതിഫലാർഹമെങ്കിൽ ഈ അക്ഷരങ്ങൾക്ക് എന്ത് അർഥമാണുള്ളത്? എങ്ങനെ പ്രതിഫലം ലഭിക്കും?

ഖുർആൻ പാരായണം ചെയ്യുന്നതിന് ഖുർആൻ ഉപയോഗിച്ച പദങ്ങൾ ഖറഅ, തലാ തുടങ്ങിയവയാണ്. ഇതിന്റെ അർഥം വായിക്കുക, പാരായണം ചെയ്യുക എന്നുതന്നെയാണ്. ഇതിന്റെ ഉദ്ദേശ്യം അർഥം മനസ്സിലാക്കിയ പാരായണമാണെങ്കിലും അർഥം അറിയാതെ വായിക്കുന്നതിനും ഇതേ പദം തന്നെയാണ് ഉപയോഗിക്കാറുള്ളത്.

അർഥം മനസ്സിലാക്കാതെയുള്ള ഖുർആൻ പാരായണം പ്രതിഫലാർഹമല്ലെങ്കിൽ, ലോകമുസ്‌ലിംകളിൽ അറബി മാതൃഭാഷക്കാരായ ഒരു ന്യൂനപക്ഷത്തിനും അനറബികളിലെ അറബി പഠിച്ച ന്യൂനാൽ ന്യൂനപക്ഷമായ പണ്ഡിതന്മാർക്കും മാത്രമേ ഖുർആൻ പാരായണത്തിന്റെ പ്രതിഫലം ലഭിക്കൂ എന്നാണോ നാം മനസ്സിലാക്കേണ്ടത്?

**എം.എ അബ്ദുസ്സലാം, ഖാദി**
**കൊടിയത്തൂർ ജുമാ മസ്ജിദ്**

## ▪ ചുരുക്കെഴുത്ത്

**ആരോഗ്യ** സേവനരംഗത്ത് 'ബദൽ രീതികളും പരീക്ഷിച്ചു കൂടേ?' എന്ന കെ.എ ജബ്ബാറിന്റെ കത്ത്(ലക്കം 44) സ്വാഗതാർഹമാണ്. സ്നേഹവും കാരുണ്യവും ഏറെ ആവശ്യമുള്ള ആതുരസേവനം മുതലാളിമാരുടെ കൈകളിൽ കുരുങ്ങിക്കിടക്കുമ്പോൾ പാവപ്പെട്ട രോഗി ശാരീരികമായും മാനസികമായും പിടയുകയാണ്. പൊതുജനങ്ങളുടെ കണ്ണീരൊപ്പാൻ ഇസ്‌ലാമികാടിത്തറയിലുള്ള ഒരു ബദൽ ചികിത്സാരീതി രൂപപ്പെടുത്തുകയാണെങ്കിൽ അത് വലിയൊരു സേവനമായിരിക്കും.

**ഡോ. മുഹമ്മദ് അസ്‌ലം വടകര**

**ഡോ.** കൂട്ടിൽ മുഹമ്മദലിയുടെ 'തിന്മ തിമർത്താടുമ്പോൾ നേതാക്കളേ, നിങ്ങൾ എന്തെടുക്കുകയാണ്' എന്ന പ്രബന്ധം (ലക്കം 44) അത്യന്തം ഗൗരവതരമായ വിഷയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു.

മഹല്ല് ഖത്വീബുമാരുടെയും സംഘടനാ നേതാക്കളുടെയും ഉസ്താദുമാരുടെയും കണ്ണുതുറപ്പിക്കേണ്ടതാണ് പ്രസ്തുത പ്രബന്ധം. ചടഞ്ഞ് കൂടിയിരിക്കാതെ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് കൗമാരക്കാരെയും യുവാക്കളെയും നിയന്ത്രിച്ചില്ലെങ്കിൽ സമുദായത്തിന്റെ ഭാവി ഇരുളടഞ്ഞതും അത്യന്തം സ്ഫോടനാത്മകവുമായിരിക്കുമെന്ന് ഓർക്കുന്നത് നന്ന്.

**കെ.എൽ ഹസൈനാർ**
**ശാദുലിപ്പള്ളി, കണ്ണൂർ**

**'ജിഹാദ്** അൺലിമിറ്റഡ്' എന്ന സീതിയുടെ ലേഖനം(ലക്കം 45) വായിച്ചു. കാസർകോട് ജില്ലയിലെ തൃക്കരിപ്പൂരുള്ള ഒരു കുടുംബം ജോലിയാവശ്യാർഥം റിയാദിലേക്ക് പോവുമ്പോഴാണ് ചിലർ ചാടിവീണ് അക്രമങ്ങൾ കാണിച്ചത്. അവരുടെ പണവും പാസ്പോർട്ടുമടക്കം കവർച്ച ചെയ്യുകയും (ഈ കവർച്ചയുടെ പേരാണു പോൽ ജിഹാദ്) ഒപ്പമുള്ള സ്ത്രീയെ അടിച്ച് പരിക്കേൽപിക്കുകയും ചെയ്തു. ഏതെങ്കിലും മഹിളാസംഘടനകളോ മറ്റു വേദികളോ ഈ തെമ്മാടിത്തത്തിൽ പ്രതിഷേധിച്ചതായി കണ്ടില്ല.

**സി. മുഹമ്മദ്കോയ പാലാഴി**